പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2962 **29-10-2026-ൽ മറുപടിയ്ക്ക്**

<u>സംരക്ഷിതാധ്യാപകരുടെ നിയമനം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിൽ കെ.ഇ.ആർ. അധ്യായം 21 റൂൾ 7(2) പ്രകാരം 1:1 അനുപാതം പാലിച്ച് സംരക്ഷിതാധ്യാപകർക്കായി ഒഴിവ് നിക്കിവയ്ക്കാത്തതിന്റെ പേരിൽ 2022-23 വർഷം മുതൽ അധിക തസ്തികകളിൽ നിയമിതരായ എത്ര അദ്ധ്യാപകർക്കും അനധ്യാപകർക്കും നിയമനാംഗീകാരം ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്ത് ജോലി സംരക്ഷണത്തിന് അർഹതയുള്ള എത്ര സംരക്ഷിതാധ്യാപകർ/ അനധ്യാപകർ ഡിപ്ലോയ്മെന്റ്/പുനർ വിന്യാസം ലഭിക്കാതെ നിൽക്കുന്നുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

<u>മറുപടി:</u> അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) സംസ്ഥാനത്ത് സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി എയ്ഡഡ് സ്കൂൾ മാനേജർമാർ റിപ്പോർട്ട് ചെയ്ത [കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7(1), 7(2), 7(3), 7(4) എന്നിവ പ്രകാരം] അധ്യാപക ഒഴിവുകളിൽ സംരക്ഷിതാധ്യാപകർ ലഭ്യമല്ലാത്തതു മൂലം ദിവസവേതന വ്യവസ്ഥയിൽ നിയമനം നടത്തുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ അനുമതി നൽകിയ എത്ര ഒഴിവുകളുണ്ട്; ചട്ടം 7(1), 7(2), 7(3), 7(4) എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ;

<u>മറുപടി:</u> അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) എയ്ഡഡ് സ്കൂളുകളിൽ ആർ.പി.ഡബ്ല്യു.ഡി. റോസ്റ്റർ ഡാറ്റ തയ്യാറാക്കി ഏഴ് കാറ്റഗറികളിലായി ഭിന്നശേഷി സംവരണ വ്യവസ്ഥ നടപ്പിലാക്കി വരുന്നതുമായി ബന്ധപ്പെട്ട് കാറ്റഗറി I മുതൽ VI വരെയുള്ള (III അനധ്യാപക തസ്തിക ഒഴികെ) അധ്യാപക തസ്തികകളിൽ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുമ്പാകെയും ജില്ലാസമിതികൾ മുമ്പാകെയും പൂർണ്ണയോഗ്യത നേടിയ എത്ര ഉദ്യോഗാർത്ഥികൾ നിലവിലുണ്ട് എന്ന വിശദാംശം കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

<u>മറുപടി:</u> സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായി ബഹു. സുപ്രീംകോടതിയുടെ എസ്.എൽ.പി (സി) നം. 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട

കേസുകളിലെയും 30.10.2023, 27.01.2025 തീയതികളിലെ ഉത്തരവുകൾ പ്രകാരം ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യ തയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു കൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും, പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും 24/03/2025 ലെ സ.ഉ.(കൈ) നം.45/2025 /GEDN പ്രകാരം ഉത്തരവായിരുന്നു. ആയതിനാൽ എയ്ഡഡ് സ്കൂളുകളിൽ നിലവിൽ ഭിന്നശേഷി സംവരണ നിയമനം നടത്തുന്നത് ജില്ലാസമിതി മുഖേനയാണ്. മാനേജർമാർ ഒഴിവ് റിപ്പോർട്ട് ചെയ്യുമ്പോൾ ആയത് എംപ്ലോയ്മെന്റിലേക്ക് ജില്ലാസമിതി അറിയിക്കുന്നു. ഒഴിവിൻറെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പൂർണ്ണ യോഗ്യത യുള്ളവരുടെ പട്ടിക ജില്ലാസമിതിക്ക് ലഭ്യമാക്കുന്നത് എംപ്ലോയ്മെന്റ് വകുപ്പ് ആണ്. ജില്ലാസമിതി മുൻവർഷം പ്ര സിദ്ധീകരിച്ച റാങ്ക് പട്ടികയുടെ കാലാവധി കഴിഞ്ഞു എന്നും ഇപ്പോൾ നടന്ന് വരുന്ന മൂന്നാംഘട്ട ഭിന്നശേഷി നിയമന നടപടികൾ പൂർത്തിയായിട്ടില്ലാത്തതുമാണ്.

(ഇ) സംസ്ഥാനത്ത് ഭിന്നശേഷി സംവരണ വ്യവസ്ഥ പാലിക്കുന്നതിനായി സ്കൂൾ മാനേജർമാർ നീക്കിവെച്ച ഒഴിവുകളിൽ ഇനിയും നികത്താത്ത ഒഴിവുകൾ കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

മറുപടി: അനുബന്ധമായി ചേർത്തിരിക്കുന്നു.

(എഫ്) ഭിന്നശേഷി സംവരണം പാലിച്ച് റോസ്റ്റർ പ്രകാരമുള്ള ഒഴിവുകൾ നീക്കിവെക്കാത്തതിനാൽ റഗുലറൈസ് ചെയ്യാത്ത നിയമനങ്ങൾ കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ?

മറുപടി: അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2962

എ.പിരിവ്-

സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിൽ കെ.ഇ.ആർ. അധ്യായം 21 റൂൾ 7(2) പ്രകാരം 1:1 അനുപാതം പാലിച്ച് സംരക്ഷിതാധ്യാപകർക്കായി ഒഴിവ് നിക്കിവയ്ക്കാത്തതിന്റെ പേരിൽ 2022-23 വർഷം മുതൽ അധിക തസ്തികകളിൽ നിയമിതരായ എത്ര അദ്ധ്യാപകർക്കും അനധ്യാപകർക്കും നിയമനാംഗീകാരം ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

ക്രമ നം.	ജില്ല	അദ്ധ്യാപകർ	അനധ്യാപകർ
1	TVM	100	2
2	KLM	25	0
3	PTA	10	0
4	ALP	5	0
5	KTM	5	0
6	IDK	10	0
7	EKM	11	0
8	TSR	33	1
9	PKD	127	1
10	MPM	248	3
11	KKD	59	4
12	WYD	18	0
13	KNR	59	0
14	KSD	9	0
	T	**719**	**11**

ബി പിരിവ്

സംസ്ഥാനത്ത് ജോലി സംരക്ഷണത്തിന് അർഹതയുള്ള എത്ര സംരക്ഷിതാധ്യാപകർ/അനധ്യാപകർ ഡിപ്ലോയ്മെന്റ്/പുനർ വിന്യാസം ലഭിക്കാതെ നിൽക്കുന്നുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ

ക്രമ നം.	ജില്ല	അദ്ധ്യാപകർ	അനധ്യാപകർ	കാരണം
1	TVM	NIL	1	അനധ്യാപികരിൽ ക്ലർക്ക് തസ്തികയിൽ നെല്ലിമൂട് ന്യൂ എൽ പി എസ് ൽ നിന്ന് തസ്തിക നഷ്ടപ്പെട്ട ക്ലർക്കായ ശ്രീമതി . ബിജി .എൻ .എസ് നെ പുനഃ വിന്യസിക്കുന്നതിനു തസ്തിക നിലവിലില്ല .
2	KLM	NIL	NIL	NIL
3	PTA	NIL	NIL	NIL
4	ALP	NIL	NIL	NIL
5	KTM	NIL	NIL	NIL
6	IDK	NIL	NIL	NIL
7	EKM	NIL	NIL	NIL

8	TSR	1	0	ചട്ടം 51 എ അവകാശിക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിട്ടും മാനേജർ നിലവിൽ പുനർനിയമനം നൽകിയിട്ടില്ല .	
9	PKD	3	0	പുനഃ വിന്യസിക്കുന്നതിനു തസ്തിക നിലവിലില്ല	
10	MPM	0	0	NIL	
11	KKD	NIL	NIL	NA	
12	WYD	NIL	NIL	NA	
13	KNR	5	NIL	4 HST ENG-പിരീഡ് അടിസ്ഥാനത്തിൽ തസ്തിക നിര്ണ്യം നടത്തിയപ്പോൾ നഷ്ട്ടപ്പെട്ടത് ബഹു: ഹൈക്കോടതിയുടെ സ്റ്റേ നിലനില്ക്കു ന്നതിനാൽ പുനർ വിന്യാസം നടന്നിട്ടില്ല .1-HM-(കുട്ടികൾ ഇല്ലാത്തതിനാൽ തസ്തിക നഷ്ട്ടപ്പെട്ടത്)	
14	KSD	NIL	NIL	NIL	
	T	**9**	**1**		

സി പിരിവ്

സംസ്ഥാനത്ത് സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി എയ്ഡഡ് സ്കൂൾ മാനേജർമാർ റിപ്പോർട്ട് ചെയ്ത [കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7(1), 7(2), 7(3), 7(4) എന്നിവ പ്രകാരം] അധ്യാപക ഒഴിവുകളിൽ സംരക്ഷിതാധ്യാപകർ ലഭ്യമല്ലാത്തതു മൂലം ദിവസവേതന വ്യവസ്ഥയിൽ നിയമനം നടത്തുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ അനുമതി നൽകിയ എത്ര ഒഴിവുകളുണ്ട്,

ക്രമ നം.	ജില്ല	ചട്ടം 7(1)	ചട്ടം 7(2)	ചട്ടം 7(3)	ചട്ടം 7(4)
1	TVM	4	5	4	
2	KLM	12	10	3	2
3	PTA	33	1	4	2
4	ALP	20	26	10	6
5	KTM	39	19	21	5
6	IDK	45	13	44	3
7	EKM	28	23	1	6
8	TSR	49	22	7	17
9	PKD	59	44	8	13
10	MPM	396	524	74	30
11	KKD	169	109	28	22
12	WYD	18	19	21	4
13	KNR	161	105	9	12
14	KSD	60	77	8	1
	T	**1093**	**997**	**242**	**123**

ഇ പിരിവ്

സംസ്ഥാനത്ത് ഭിന്നശേഷി സംവരണ വ്യവസ്ഥ പാലിക്കുന്നതിനായി സ്കൂൾ മാനേജർമാർ നീക്കിവെച്ച ഒഴിവുകളിൽ ഇനിയും നികത്താത്ത ഒഴിവുകൾ കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ,

ക്രമ നം.	ജില്ല	Category I (എണ്ണം)	Category II (എണ്ണം)	Category III (എണ്ണം)
1	TVM	51	23	6
2	KLM	63	40	3
3	PTA	28	11	1
4	ALP	66	34	4
5	KTM	82	34	
6	IDK	13	9	6
7	EKM	104	58	10
8	TSR	127	39	12
9	PKD	107	33	4
10	MPM	173	32	8
11	KKD	99	23	6
12	WYD	27	9	4
13	KNR	109	35	10
14	KSD	88	32	3
	T	**1137**	**412**	**77**

എഫ്_പിരിവ്

ഭിന്നശേഷി സംവരണം പാലിച്ച് റോസ്റ്റർ പ്രകാരമുള്ള ഒഴിവുകൾ നീക്കിവെക്കാത്തതിനാൽ റഗുലറൈസ് ചെയ്യാത്ത നിയമനങ്ങൾ കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ?

ക്രമ നം.	ജില്ല	Category I (എണ്ണം)	Category II (എണ്ണം)	Category III (എണ്ണം)
1	TVM	37	15	6
2	KLM	32	6	5
3	PTA	34	10	2

4	ALP	52	15	11	
5	KTM	46	4	7	
6	IDK	21	23	6	
7	EKM	38	14	7	
8	TSR	65	9	23	
9	PKD	246	33	11	
10	MPM	461	38	13	
11	KKD	377	57	41	
12	WYD	20	7	4	
13	KNR	141	19	9	
14	KSD	21	6	5	
	T	**1591**	**256**	**150**	

Digitally signed by
R S Shibu
Date: 28-10-2026
13:13:31

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി